DISPATCHED
08/06/2020

4/05/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1191(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6850/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. രഞ്ജിത്ത് മാമ്പ്രത്ത്,
മാമ്പ്രത്ത്,
മാമ്പ പി.ഒ.,
കണ്ണൂർ – 670 611.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്,
കുടപ്പനക്കുന്ന് പി.ഒ.,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്,
കുടപ്പനക്കുന്ന് പി.ഒ.,
തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/02/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01/04/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09/05/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01/06/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 06/06/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/06/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/07/2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. രഞ്ജിത്ത് മാമ്പ്രത്ത്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലേക്ക് ഇ1/2064/13/വൈ.ഡബ്ല്യു.ബി., ഇ2/4224/വൈ.ഡബ്ല്യു.ഡി. എന്നീ ഫയലുകളുടെ പകർപ്പ് ആവശ്യപ്പെട്ടു അപേക്ഷ നൽകിയിരുന്നു എന്നും മേൽപ്പടി അപേക്ഷയോടൊപ്പം മലപ്പുറം എസ്.ബി.റ്റി. ശാഖയിൽ നിന്നും എടുത്ത 1000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്റേർഡ് തപാലായി 22.2.2016 തീയതി മലപ്പുറം ഹെഡ് പോസ്റ്റ് ഓഫീസ് മുഖേന യുവജനക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ യുവജന കേന്ദ്രത്തിലെ പ്യൂണായ ശ്രീ. ശശിധരൻ ഹർജിക്കാരൻ

ചുമതലപ്പെടുത്തിയ പ്രകാരം അയച്ചിരുന്നു എന്നും എന്നാൽ അപ്രകാരം ഒരു കത്ത് ലഭിച്ചില്ല എന്ന മറുപടിയാണ് ടിയാന് നൽകിയത് എന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ടിയാൻ അയച്ച രജിസ്റ്റേർഡ് കത്തിൽ അങ്ങനെ ഒരു കത്ത് ഉണ്ടായിരുന്നില്ല എന്നാണ് അറിയിച്ചതെന്നും മേൽപ്പടി ഫയലുകൾ നിയമവിരുദ്ധമായി ഹർജിക്കാരന്റെ തസ്തിക മാറ്റിയുളള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ സമർപ്പിക്കേണ്ട രേഖകളാണെന്നും ജില്ലാ ഓഫീസുകളിൽ നിന്ന് അയയ്ക്കുന്ന പല കത്തുകളും ലഭിച്ചിട്ടില്ലെന്ന് ഫോൺ സന്ദേശങ്ങൾ വഴി അറിയിക്കുന്നത് പതിവ് സംഗതിയാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുളള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ഇ2-4224/വൈ.ഡബ്ല്യു.ബി. എന്ന ഫയലിന്റെ നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും മുഴുവൻ പേജുകളുടെയും പകർപ്പ് നൽകണമെന്നും

ii. ശ്രീമതി ലീലാമ്മ മെമ്പർ സെക്രട്ടറി ആയിരിക്കെ 4.9.2013-ന് ശ്രീ.രഞ്ജിത്ത് മാമ്പ്രത്തിനും ശ്രീമതി സവിതയ്ക്കും വേണ്ടി ഹിയറിംഗ് നടത്തിയ ഫയലിന്റെ (ഇ1-2064/13/വൈ.ഡബ്ല്യു.ബി) നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പ് നൽകണമെന്നുമാണ്. മേൽപ്പടി പകർപ്പുകൾക്ക് ആവശ്യമായ തുക അഡ്വാൻസായി ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കുന്നു എന്നും അറിയിച്ചിട്ടുളളതായി കാണുന്നു.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ അയച്ച കത്തുകൾ എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത കത്തുകളിൽ സൂചിപ്പിച്ചിട്ടുളള 19.2.2016-ലെ ഇ1-001/14/ഡി.വൈ.സി.എം.പി.എം. നമ്പർ കത്ത്, വിവരാവകാശ നിയമപ്രകാരമുളള അപേക്ഷ, 1000/- രൂപയുടെ ഡി.ഡി. എന്നിവ മേൽപ്പടി ഓഫീസിൽ ലഭ്യമായിട്ടില്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, യുവജനക്ഷേമ ബോർഡിന്റെ ഓഫീസിൽ ഹർജിക്കാരന്റെ അപേക്ഷയും, ഡി.ഡി.യും കൈപ്പറ്റിയതിന്റെ രേഖകളോടൊപ്പം അയച്ച കത്തിന്റെയും ഡി.ഡി.യുടെയും കോപ്പി കൂടി സമർപ്പിക്കുന്നു എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിൽ പറയുന്ന വിവരങ്ങൾ സംബന്ധിച്ച് കുടപ്പനക്കുന്ന് പോസ്റ്റ് ഓഫീസിൽ അന്വേഷണം നടത്തി എന്നും എതിർകക്ഷി ഓഫീസിലെ ഡെസ്പാച്ച് സെക്ഷനിലെ രേഖകൾ പരിശോധിച്ചു എന്നും ഹർജിക്കാരൻ അയച്ച ആർ.എൽ.973888343 ഐ.എൻ., 973888476 ഐ.എൻ എന്നീ നമ്പറുകളിലുള്ള 2 കവറുകൾ 24.2.2016 തീയതി മേൽപ്പടി ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്നും മേൽപ്പടി കവറുകളിൽ ഹർജിക്കാരൻ അയച്ച P1-0001/15/DYC-MPM - Staff Attendence. P1-0012/14/DYC-MPM എന്നീ 2 കത്തുകളാണ് ഉണ്ടായിരുന്നതെന്നും എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ പറയുന്ന കത്തും, ഡി.ഡി.യും മേൽപ്പടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ മലപ്പുറം ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ സമർപ്പിച്ച 1.3.2016, 4.3.2016 തീയതികളിലെ ഇ1-01/14/ഡി.വൈ.സി.എം.പി.എം. പ്രകാരമുളള കത്തുകളിൽ വിവരാവകാശ നിയമപ്രകാരമുളള അപേക്ഷയും 1000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും എതിർകക്ഷിയുടെ ഓഫീസിലേക്ക് മുൻപ് അയച്ചു തന്നിരുന്നു എന്നറിയിച്ചിരുന്നു എന്നും എന്നാൽ ഹർജിക്കാരന്റെ 19.2.2016-ലെ കത്ത്, വിവരാവകാശ നിയമപ്രകാരമുളള അപേക്ഷ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ യുജനക്ഷേമ ബോർഡിൽ ലഭ്യമായിട്ടില്ല എന്നു ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലായി എന്നും എന്നാൽ ഹർജിക്കാരൻ 20.2.2016-ന് അയച്ച ആർ.എൽ.973888343, ആർ.എൽ.973888476 എന്നീ രജിസ്റ്റേർഡ് പോസ്റ്റ് നമ്പരുകളുളള 2 കവറുകൾ 24.2.2016 തീയതി ഹെഡ് ഓഫീസിൽ ലഭ്യമായിട്ടുളളതാണെന്നും മേൽപ്പടി കവറുകളിൽ വിവരാവകാശ നിയമപ്രകാരമുളള അപേക്ഷയോ ഡിമാന്റ് ഡ്രാഫ്റ്റോ ഉണ്ടായിരുന്നില്ല എന്നും മേൽപ്പടി കവറുകളിൽ സ്റ്റാഫ് അറ്റൻഡൻസ് സംബന്ധിച്ച കത്തും 'ഇശൽ പെരുമ' എന്ന പരിപാടി സംബന്ധിച്ച കത്തുമാണ് ഉൾക്കൊളളിച്ചിരുന്നത് എന്നും അവ തപാൽ സെക്ഷനിലെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇക്കാര്യം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലുകൾ എത്ര പേജുകളിലായി അടങ്ങിയിരിക്കുന്നു എന്നും ആയതിന് എത്ര രൂപ ഒടുക്കണമെന്നോ ഉളള യാതൊരു നിർദ്ദേശവും ഹർജിക്കാരന് നൽകിയിരുന്നില്ല എന്നും മേൽ സാഹചര്യത്തിലാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ സാധിക്കാതെ വന്നത് എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ അയച്ചു എന്നവകാശപ്പെടുന്ന അപേക്ഷയും ഡിമാന്റ് ഡ്രാഫ്റ്റും എതിർകക്ഷി ഓഫീസിൽ ലഭിച്ചിരുന്നതായി കാണുന്നില്ല. അത്തരം സാഹചര്യത്തിൽ ഹർജിക്കാരന്റെ അപ്പീൽ ഹർജിയിൽ എന്തെങ്കിലും ഫലപ്രദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ കമ്മീഷന് നിർവ്വാഹമില്ല. ആയതിനാൻ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മെയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM